പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്ന മിടാത്ത
ചോദ്യം നമ്പർ: 6579

1.11.2011 ൽ മറുപടിയ്ക്ക്

## ഇന്ത്യൻ ഫാർമസിസ്റ്റ് ആക്ട് പ്രകാരമുള്ള മരുന്ന് വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) 1949 ലെ ഇന്ത്യൻ ഫാർമസിസ്റ്റ് ആക്ട് സെക്ഷൻ 42 അനുസരിച്ച് സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) 1948 ലെ ഫാർമസി ആക്റ്റിൽ സെക്ഷൻ 42 പ്രകാരം മരുന്നുകൾ കോമ്പൗണ്ട് ചെയ്യുന്നതിനും പ്രിപ്പയർ ചെയ്യുന്നതിനും മിക്സ് ചെയ്യുന്നതിനും ഡിസ്പെൻസ് ചെയ്യുന്നതിനും രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ആവശ്യമാണ്. കൂടാതെ Drugs & Cosmetics Act, Rule ഇവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള നിയമ പ്രകാരമുള്ള സംവിധാനങ്ങൾ , മരുന്നുകൾ സംഭരിക്കുന്നതിന്റേയും വിതരണം നടത്തുന്നതിന്റേയും രേഖകൾ നിയമ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സൂക്ഷിക്കുക എന്നിവയാണ് പ്രധാനമായുള്ള നിബന്ധനകൾ. |
| (ബി) പ്രസ്തുത നിബന്ധനകൾ അനുസരിച്ചാണോ സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം നടക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ഈ നിയമം പാലിച്ചാണ് മരുന്ന് വിതരണം നടത്തുന്നത്. |
| (സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) കഴിഞ്ഞ ആറു മാസക്കാലത്ത് 216 സർക്കാർ ആശുപത്രികളിലെ ഫാർമസികൾ പരിശോധിച്ച് ചട്ടങ്ങളും നിയമങ്ങളും പാലിക്കുന്നു എന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ